4474911(10)/2020/REV

File No.LBRD-C3/97/2020-LBRD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.സി3/97/2020/തൊഴിൽ
തൊഴിലും നൈപുണ്യവും (സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 09/06/2020

## പരിപത്രം

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - ദൈനം ദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരായവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കാൻ ഉതകുന്ന മൊബൈൽ ആപ്ലിക്കേഷൻ "സ്കിൽ രജിസ്ട്രി" - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടറുടെ 27.04.2020 ലെ KASE - 07/2017 നമ്പർ കത്ത്.

തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തദ്ദേശ സ്വയം ഭരണ വകുപ്പ്, വ്യാവസായിക പരിശീലന വകുപ്പ്, എംപ്ലോയ്മെന്റ് വകുപ്പ്, കുടുംബശ്രീ, എന്നിവയുടെ സഹകരണത്തോടെ ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വൈദഗ്ദ്യമുള്ളവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുവാൻ ഉതകുന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ "സ്കിൽ രജിസ്ട്രി" (www.keralaskillregistry.com) എന്ന പേരിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. വിദഗ്ധ തൊഴിലാളികളുടെ സ്കിൽ രജിസ്ട്രി രൂപീകരണത്തിലൂടെ പ്ലംബർ, ഇലക്ട്രീഷ്യൻ, പെയിന്റർ, ഡ്രൈവർ എന്നിങ്ങനെ നിരവധി സേവന മേഖലകളിലായി വിദഗ്ധരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഒരു വിരൽ തുമ്പിൽ ലഭ്യമാകുന്നതാണ്. "സ്കിൽ രജിസ്ട്രി" യുടെ സേവനം പൊതുജനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) "സ്കിൽ രജിസ്ട്രി" യുടെ സേവനം ആവശ്യമുള്ള വ്യക്തികൾ ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യേണ്ടതാണ്.

(2) തൊഴിൽ വൈദഗ്ധ്യമുള്ളവർ 'സർവീസ് പ്രൊവൈഡർ' ആയും, ഇവരുടെ സേവനം ആവശ്യമുള്ളവർ 'കസ്റ്റമർ' ആയും 'സ്കിൽ രജിസ്ട്രി' യിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സൗജന്യമാണ്.

(3) 'കസ്റ്റമർ' തങ്ങളുടെ മൊബൈൽ നമ്പരും അടിസ്ഥാന വിവരങ്ങളും ഉപയോഗിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ലൊക്കേഷൻ ആയി താമസിക്കുന്ന ജില്ല, ജില്ലയിലെ ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ വാർഡ് എന്നിവ ആപ്ലിക്കേഷനിൽ സെറ്റ് ചെയ്ത് സർവീസ് പ്രൊവൈഡറെ കണ്ടെത്തേണ്ടതാണ്.

(4) 'സർവീസ് പ്രൊവൈഡർ' തങ്ങളുടെ സേവനമേഖല, പ്രവർത്തി പരിചയം, സേവനം ലഭ്യമാക്കുന്ന സ്ഥലങ്ങൾ (ഒന്നിൽകൂടുതൽ സ്ഥലങ്ങൾ ഉൾപ്പെടുത്താവുന്നതാണ്.), സർവീസ് ചാർജ്, ഫോട്ടോ, തിരിച്ചറിയൽ രേഖ, പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് എന്നിവ അപ്‌ലോഡ് ചെയ്ത്

File No.LBRD-C3/97/2020-LBRD

രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതാണ്.

(5) ഒന്നിൽ കൂടുതൽ മേഖലകളിൽ പ്രവർത്തിപരിചയം ഉള്ളവർ ഓരോ മേഖലകളിലെയും തൊഴിൽ വൈദഗ്ധ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്ത് രജിസ്റ്റർ ചെയ്യേണ്ടതാണ്.

(6) ഉപഭോക്താവിന്റെ സംതൃപ്തി അനുസരിച്ച് സർവീസ് പ്രൊവൈഡർമാർക്ക് റേറ്റിംഗ് നൽകാവുന്നതാണ്.

(7) കോവിഡ് 19 -ന്റെ പശ്ചാത്തലത്തിൽ കേരളത്തിലേക്ക് തിരിച്ചു വരുന്ന പ്രവാസികൾക്കും ലോക്ക് ഡൗണിൽ തൊഴിലില്ലാതെ വലഞ്ഞു പോയ ദൈനംദിന ഗാർഹിക, വ്യാവസായിക തൊഴിലാളികൾക്കും തൊഴിലാളികളെ തേടുന്ന ഗാർഹിക ഉപഭോക്താക്കൾക്കും "സ്കിൽ രജിസ്ട്രി" യുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതാണ്.

(8) "സ്കിൽ രജിസ്ട്രി" ആപ്ലിക്കേഷനെ പറ്റി സാമൂഹിക അവബോധം സൃഷ്ടിക്കുന്നതിനായുള്ള നടപടികൾ എല്ലാ സർക്കാർ വകുപ്പുകളും സ്വീകരിക്കേണ്ടതാണ്

(9) ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട സംശയദൂരീകരണത്തിന് 7306461894, 0471 2735949 എന്നീ ഫോൺ നമ്പരുകളിലോ skillreg.kase@kerala.gov.in മെയിൽ ഐ.ഡി.യിലോ വ്യാവസായിക പരിശീലന വകുപ്പിനു കീഴിലുള്ള ഐ.ടി.ഐ. കളിലോ ബന്ധപ്പെടാവുന്നതാണ്.

**നിഷ എസ്**

**അഡിഷണൽ സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്, തിരുവനന്തപുരം

സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും

എല്ലാ വകുപ്പ് മേധാവികൾക്കും

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയാ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Validity unknown

Digitally signed by BINDUMOL THOMAS
Date: 2020.06.09 15:49:50 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്